# KCBC COMMISSION FOR FAMILY

Pastoral Orientation Centre(P.O.C.), Palarivattom, Kochi - 682025, Ph:9495812190
Email:secretary@kcbcfamilycommission.org, Webite:www.kcbcfamilycommission.org


**All Kerala Press Release** **26-07-2016**
*Ref: 226/KCBC/FLY/ 07*

## ഗർഭച്ഛിദ്ര അനുവാദം- സുപ്രീം കോടതി വിധി നിർഭാഗ്യകരം

## കെ.സി.ബി.സി. പ്രൊലൈഫ് സമിതി

കൊച്ചി: മുബൈയിലെ ഒരു യുവതിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അമ്മയുടെ ജിവന്റെ സുരക്ഷിതത്വത്തിന്റെ പേരിൽ 24 ആഴ്ച വളർച്ചയെത്തിയ ഗർഭസ്ഥശിശുവിനെ അബോർഷൻ ചെയ്യാൻ അനുവാദം നൽകിയ സുപ്രീം കോടതി വിധി നിർഭാഗ്യകരമെന്ന് കെ.സി.ബി.സി പ്രൊലൈഫ്സമിതി വിലയിരുത്തി.

ആറു മാസം പ്രായമെത്തിയ കുഞ്ഞിന് ജനിക്കാനും സാധാരണകുഞ്ഞുങ്ങളെപ്പോലെ വളരാനുമുള്ള എല്ലാ അനുകൂലസാഹചര്യങ്ങളും നിലനിൽക്കെ ഇത്തരത്തിലുള്ള ഒരു പ്രത്യേക അനുവാദം സമൂഹത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് ഇടവരുത്തുമെന്ന് യോഗം അഭിപ്രായപ്പെട്ടു.

ഗർഭസ്ഥയായ യുവതിയുടെ നിസ്സഹായവസ്ഥ നിലനിൽക്കുമ്പോഴും ഉദരത്തിൽ വളർച്ചയെത്തിയ കുഞ്ഞിന് ജനിക്കാനുള്ള അവകാശത്തെ നഷേധിക്കരുത്. കുഞ്ഞിനെ സംരക്ഷിക്കാൻ കേരളത്തിലെ നിരവധി കത്തോലിക്കാ ശിശുസംരക്ഷണസ്ഥാപനങ്ങൾ മുന്നോട്ടു വന്നുവെങ്കിലും അതിന് വേണ്ടത്ര പരിഗണന ലഭിക്കാതുള്ള ഈ വിധി ഏറെ ഖേദകരമണ്. കേന്ദ്ര സർക്കാരിന്റെ ഗർഭച്ഛിദ്ര നിയമ ഭേദഗതി പരിഗണനയിലിരിക്കുന്ന സാഹചര്യത്തിൽ ഈ പ്രത്യേക സുപ്രീം കോടതി വിധി നിയമനിർമ്മാണത്തിന് അനുകൂല സാഹചര്യമായി പരിഗണിക്കരുതെന്നും പാലാരിവട്ടത്തു വച്ച നടന്ന സമ്മേളനം സർക്കാരിനോട് ആവശ്യപ്പെട്ടു. കെ.സി.ബി.സി. പ്രൊലൈഫ് സമിതി സംസ്ഥാന ഡയറക്ടർ ഫാ. പോൾ മാടശ്ശേരി അധ്യക്ഷത വഹിച്ചു. പ്രസിഡന്റ് ജോർജ്ജ് എഫ്. സേവ്യർ, ജനറൽ സെക്രട്ടറി സാബു ജോസ്, യുഗേഷ് തോമസ്സ്, ജെയിംസ് ആഴ്ചങ്ങാടൻ അഡ്വ. ജോസി സേവ്യർ, സിസ്റ്റർ മേരി ജോർജ്ജ്, മാർട്ടിൻ ന്യൂനസ്, സാലു അബ്രാഹം എന്നിവർ പ്രസംഗിച്ചു.

**ഫാ. പോൾ മാടശ്ശേരി**
**സെക്രട്ടറി, കെസിബിസി ഫാമിലി കമ്മീഷൻ**